# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4040 — 03.02.2014-ൽ മറുപടിക്ക്

### കുട്ടികളിലെ ശ്വാസകോശ രോഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കുട്ടികളിൽ ശ്വാസകോശ, അലർജി രോഗങ്ങൾ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ആരോഗ്യ വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ; | (ബി) പ്രത്യേക പഠനം നടത്തിയിട്ടില്ല. സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഭാഗമായി വർഷംതോറും നടക്കുന്ന പ്രാഥമിക വൈദ്യപരിശോധന (സ്ക്രീനിംഗ്)യിലൂടെ സംസ്ഥാനത്തെ 3% ത്തോളം സ്കൂൾ കുട്ടികളിൽ ശ്വാസകോശ, അലർജി രോഗങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) കുട്ടികളിലെ ശ്വാസകോശരോഗങ്ങൾ കണ്ടെത്തുന്നതിനും മതിയായ ചികിത്സ ലഭ്യമാക്കുന്നതിനും സ്കൂളുകൾ കേന്ദ്രീകരിച്ച് വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ? | (സി) ശ്വാസകോശ സംബന്ധമായ രോഗങ്ങളുമായി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ എത്തുന്ന കുട്ടികൾക്ക് വിദഗ്ധ ചികിത്സ നൽകുന്നതിനുള്ള സൗകര്യം ലഭ്യമാണ്. സ്കൂൾ ആരോഗ്യ പദ്ധതി 2009 -ൽ തുടങ്ങിയതു മുതൽ വർഷാവർഷമുള്ള സ്ക്രീനിംഗ് നടന്നു കൊണ്ടിരിക്കുകയാണ്. സ്ക്രീനിംഗിൽ പ്രസ്തുത രോഗം കണ്ടെത്തുന്ന കുട്ടികളെ രോഗത്തിന്റെ കാഠിന്യം അനുസരിച്ച് തൊട്ടടുത്ത പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുടെയും അല്ലെങ്കിൽ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് വഴി സ്പെഷ്യലിസ്റ്റ് ഡോക്ടറുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. അതോടൊപ്പം കേന്ദ്ര - സംസ്ഥാന സർക്കാർ പുതുതായി ആരംഭിച്ച ആർ.ബി.എസ്.കെ - ആരോഗ്യ കിരണം പദ്ധതി വഴി ശ്വാസകോശ, അലർജി രോഗങ്ങൾക്കുള്ള മുഴുവൻ ചികിത്സയും തുടർചികിത്സയും സൗജന്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ